THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**GRADE-7**

# പാഠം-1 പ്രഭാതഗീതം

## QUESTION BANK

### I. ജീവചരിത്ര കുറിപ്പ് തയ്യാറാക്കുക

**വള്ളത്തോൾ നാരായണമേനോൻ**

ജനനം: 1878 ഒക്ടോബർ 16, മലപ്പുറം ജില്ലയിലെ തിരൂരിൽ

ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്നു.

**ആധുനിക കവിത്രയം**

**1.എൻ കുമാരനാശാൻ**

**2.ഉള്ളൂർ എസ് പരമേശ്വരയ്യർ**

**3.വള്ളത്തോൾ നാരായണമേനോൻ**

വാല്മീകി രാമായണം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

കേരള വാല്മീകി എന്ന് അറിയപ്പെടുന്നു.

കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ

കേരള സംസ്ഥാന കവി എന്ന് അറിയപ്പെടുന്നു.

മഹാകാവ്യം: ചിത്രയോഗം

പ്രധാന കൃതികൾ: എന്റെ ഗുരുനാഥൻ, അച്ഛനും മകളും, കൊച്ചുസീത, ബധിരവിലാപം, സാഹിത്യമഞ്ജരി

പുരസ്കാരങ്ങൾ: കവിതിലകൻ, പത്മഭൂഷൺ, പത്മവിഭൂഷൺ

മരണം: 1958 മാർച്ച് 13.

## II. അർത്ഥം

1.ഹർമ്യം - മാളിക

2.വിഹംഗം - പക്ഷി

3.കാണം - ശബ്ദം

4.പുരോഭുവി - മുൻഭാഗം, കിഴക്ക്

5.കങ്കണം - വള

6.ചിക്കെന്ന് - പെട്ടെന്ന്

7.ഗീതം - പാട്ട്

8.വാർതിങ്കൾ - പൂർണ്ണചന്ദ്രൻ

## III. പദം പാഠഭാഗത്തുനിന്ന് കണ്ടെത്തുക

1.അംബരം - നഭസ്സ്, ആകാശം

2.തെന്നൽ - മന്ദമാരുതൻ, ഇളംകാറ്റ്

3.വാർതിങ്കൾ - തിങ്കൾ, മതി

4.വിഹംഗം - പറവ, പക്ഷി

## IV. മാതൃകപോലെ പദങ്ങൾ മാറ്റി എഴുതുക

1.പ്രഭാതഗീതം - പ്രഭാതത്തിലെ ഗീതം

2. വിഹംഗമനാദം - വിഹംഗമങ്ങളുടെ നാദം

3.കുങ്കുമലേപം - കുങ്കുമം കൊണ്ടുള്ള ലേപം / കുങ്കുമത്തിന്റെ ലേപം

4.കൈവിളക്ക് - കൈയ്യിലേന്തിയ വിളക്ക് / കൈയ്യിൽ കൊണ്ടുനടക്കുന്ന വിളക്ക്

## V. അർത്ഥവ്യത്യാസം എഴുതുക

1.തിങ്കൾ - ദിവസം, ചന്ദ്രൻ

2.അംബരം - ആകാശം, വസ്ത്രം

**VI. വായിക്കാം കണ്ടെത്താം**

**1."ആ വേലക്കാരിതൻ നിശ്വാസംപോലവേ**

**പൂവിൻമണവുമായ് വീശി തെന്നൽ"**

**വേലക്കാരി എന്ന വാക്കിനെ സാധൂകരിക്കുന്ന എന്തെല്ലാം പ്രയോഗങ്ങളാണ് കവിതയിലുള്ളത്?**

പ്രഭാതഗീതം എന്ന കവിതയിൽ കവി പ്രഭാതത്തെ ഒരു പെൺകുട്ടിയായി സങ്കല്പ്പിച്ചിരിക്കുന്നു. ഒരു വീടിനെ ഒരു പെൺകുട്ടി എപ്രകാരമാണോ വൃത്തിയാക്കി വെക്കുന്നത് അതുപോലെ പ്രഭാതമാകുന്ന പെൺകുട്ടി പൂക്കളാകുന്ന താരങ്ങളെയും വെള്ളിക്കിണ്ണം പോലെ തിളങ്ങുന്ന ചന്ദ്രനെയും മനോഹരമായ ഒരു സൂര്യോദയത്തിനായി അടിച്ചുവാരി ദൂരെ മാറ്റുന്നു. കിഴക്കുഭാഗത്ത് കുങ്കുമലേപം നടത്തുന്ന പെൺകുട്ടിയും പൂവിന്റെ മണം വഹിച്ചെത്തുന്ന കാറ്റ് അവളുടെ നിശ്വാസമായും കവി കാണുന്നു. ഇത്തരത്തിൽ വേലക്കാരി എന്ന വാക്കിനെ സാധൂകരിക്കുന്ന പ്രയോഗങ്ങൾ കവിതയിൽ കാണാം.

**2.പൂക്കളാകുന്ന താരങ്ങൾ**

**ഇതിലെ വർണ്ണ്യവസ്തുവും അവർണ്ണ്യവസ്തുവും കണ്ടെത്തുക?**

വർണ്യം - ഏത് വസ്തുവാണോ വർണ്ണിക്കപ്പെടുന്നത് അത് വർണ്ണ്യം

അവർണ്യം - വർണ്യ വസ്തു ഏതിനോടാണോ സാദൃശ്യപ്പെടുത്തുന്നത് അത് അവർണ്യം.

പൂക്കളാകുന്ന താരങ്ങൾ

താരം - വർണ്യം

പൂക്കൾ - അവർണ്യം

**VII.ഉത്തരം കണ്ടെത്തുക**

1.വള്ളത്തോൾ ഏത് കവിത്രയത്തിൽ ഉൾപ്പെടുന്നു?

**ആധുനികം**

2.അംബരശാല വൃത്തിയാക്കിയത് ആര്?

**പ്രഭാതകന്യക**

3.നാം കൂപ്പുകൈ അർപ്പിക്കേണ്ടത് ആർക്ക്?

ഈശ്വരന്

4.പ്രഭാതഗീതം എന്ന കവിത ഏത് കാവ്യസമാഹാരത്തിൽ ഉൾപ്പെടുന്നു?

സാഹിത്യമഞ്ജരി

5.നക്ഷത്രങ്ങളെ കവി എന്തിനോടാണ് സാദൃശ്യപ്പെടുതിയിരിക്കുന്നത്?

പൂക്കളോട്

**VIII.വിശകലനം ചെയ്യുക**

**1.”ആ പരാശക്തിക്ക് കൂപ്പുക നാം”**

**എങ്ങനെയുള്ള പരാശക്തിക്കാണ് നാം കൂപ്പുകൈ അർപ്പിക്കേണ്ടത്?**

വള്ളത്തോൾ നാരയണമേനോന്റെ പ്രഭാതഗീതം എന്ന കവിതയിൽ ഈശ്വരനെ സ്തുതിക്കുന്നതാണ് ഈ വരികൾ.

ഈ പ്രപഞ്ചത്തിന്റെ മേൽത്തട്ടും കീഴ്ത്തട്ടും മനോഹരമായി പരിപാലിക്കുകയും അവയിലെല്ലാം നിലനിൽക്കുന്ന ഹർമ്യങ്ങളെ പുത്തനായി നിലനിർത്തുകയും ചെയ്യുന്ന പരാശക്തിക്കാണ് നാം കൂപ്പുകൈ അർപ്പിക്കേണ്ടത്.

**2. “വെൺകുളിർ നീരാൽത്തളിച്ചു പുരോഭുവി**

**കുങ്കുമലേപവുമാചരിച്ചാൾ.”**

**‘കുങ്കുമലേപം’ എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത്?**

സൂര്യൻ ഉദിച്ചുവരുമ്പോൾ കിഴക്ക് ദിക്കിൽ കാണുന്ന ചുവപ്പ് നിറത്തെയാണ് കുങ്കുമലേപം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത്.

**3. ‘പ്രഭാതകന്യക’ അംബരശാല വൃത്തിയാക്കിയത് എങ്ങനെ?**

പ്രഭാതകന്യക ശുക്രനാകുന്ന കൈവിളക്കേന്തി കൈവള കിലുക്കി അംബര ശാലയിൽ എത്തി. രാത്രി ഉപയോഗിച്ച പൂക്കളാകുന്ന നക്ഷത്രങ്ങളെയും വെള്ളിക്കിണ്ണമാകുന്ന ചന്ദ്രനെയും അടിച്ച് ദൂരെ മാറ്റി. കുളിർ നീർ തളിച്ച് കിഴക്ക് ഭാഗം കുങ്കുമലേപം നടത്തി വൃത്തിയാക്കി.